**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3748** **06-08-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളിലെ ഒട്ടേറെ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി., പ്ലസ്ടു കോഴ്സുകൾ പൂർത്തിയാക്കിയ ശേഷം പഠനം തുടരാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എസ്.എസ്.എൽ.സി, പ്ലസ് ടു കോഴ്സുകൾ പൂർത്തിയാക്കി ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടിയവരിൽ ചുരുക്കം ചില വിദ്യാർത്ഥികൾ പഠനം തുടരാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആദിവാസി വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് കൂടുതൽ സാധ്യത ഉറപ്പാക്കാൻ വയനാട് ജില്ലയിൽ ട്രൈബൽ ഐ.ടി.ഐ. ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | പ്രസ്തുത ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് പരിശീലനം നൽകുന്നതെന്നും ഓരോ വർഷവും പരിശീലനം നേടുന്നവരുടെ എണ്ണമെത്രയെന്നും അറിയിക്കുമോ? | (സി) | ഉണ്ട്. വയനാട് ജില്ലയിൽ പട്ടികവർഗ വികസന വകുപ്പിന് കീഴിൽ മാനന്തവാടി വെള്ളമുണ്ട തയ്യൽ പരിശീലനകേന്ദ്രം, മീനങ്ങാടി തയ്യൽ പരിശീലന കേന്ദ്രം, മുത്തങ്ങ തയ്യൽ പരിശീലനകേന്ദ്രം എന്നീ പരിശീലന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും 12 പരിശീലനാർത്ഥികൾക്ക് വീതം ഓരോ പരിശീലന കേന്ദ്രത്തിലും പ്രവേശനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ